ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമയിൽ പുതുതായി നെല്ല് സംസ്കരണശാലകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്കരണശാലകൾ മുടങ്ങാതെ പ്രവർത്തിക്കാൻ ആവശ്യമായ നെല്ലിന്റെ അളവിനെക്കുറിച്ചും അനുബന്ധമായി ആരംഭിക്കാവുന്ന വ്യവസായങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) തദ്ദേശീയമായി ഈ ആവശ്യത്തിന് ലഭ്യമാക്കാവുന്ന നെല്ലിന്റെ അളവിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സംസ്കരണശാലകൾ സ്ഥാപിക്കുന്ന പ്രദേശങ്ങളിൽ അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉയർത്തുന്നതിന് നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥയിൽ 3 നെല്ല് സംസ്കരണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്.

(ബി) കോട്ടയം ജില്ലയിലെ വെച്ചൂർ, ആലപ്പുഴ ജില്ലയിലെ തകഴി, പാലക്കാട് ജില്ലയിലെ ആലത്തൂർ എന്നിവിടങ്ങളിലാണ് നെല്ല് സംസ്കരണശാലകൾ സ്ഥാപിക്കുന്നത്.

(സി) & (ഡി) ഉണ്ട്.

(ഇ) ഉണ്ട്. ഈ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നെൽക്കൃഷി വികസന ഏജൻസികൾ വഴി നെല്ലുല്പാദനം പരമാവധി ഉയർത്തുന്നതിനും ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഗുണകരമായി പുനരുജ്ജീവിപ്പിക്കുന്നതുവഴി നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

7 (*67) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ മേഖലയിൽ യന്ത്രവൽക്കരണം ഊർജ്ജിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നെൽക്കൃഷിക്കാർക്ക് സംയോജിത വിത്ത് വിതരണ പദ്ധതി നടപ്പാക്കുമോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൃഷിക്കാർക്ക് ഗുണമേൻമയുള്ള വിത്ത് നൽകുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചുവോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നെൽക്കൃഷി വികസന ബോർഡ് രൂപികരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രധാനപ്പെട്ട നെല്ലുല്പാദന സാധ്യതകളുള്ള സ്ഥലങ്ങളിൽ മേഖലാടിസ്ഥാനത്തിൽ നെൽക്കൃഷി വികസന ഏജൻസികൾ രൂപീകരിച്ച് നെൽക്കൃഷി വിപുലീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ധന സഹായം നൽകുക, ഉൽപ്പാദന ബോണസ്, വൈദ്യുതി സൗജന്യം, നെല്ലു സംഭരണം, തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി യന്ത്ര വൽക്കരണം, മേൽത്തരം വിത്തുകൾ, കീടനാശിനി, വളം എന്നിവ യഥാസമയം സബ്സിഡി നിരക്കിൽ നല്കുക, തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും നടപടി എടുക്കുന്നു.

(ബി) ഉണ്ട്. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനും നെൽക്കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനുമായി യന്ത്രവല്ക്കരണം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു. കാർഷികോപകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾവഴിയും, സമിതികൾ വഴിയും വിതരണം ചെയ്യുന്നു. കൂടാതെ പ്രധാനപ്പെട്ട മേഖലകളിൽ കൊയ്തുമെതി യന്ത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(സി)&(ഡി) കർഷകർക്ക് യഥാസമയം മേൽത്തരം വിത്തുകൾ ലഭ്യമാക്കുന്നതിനായി 'ആവർത്തനവിളകൾക്ക് വേണ്ട നടീൽവസ്തുക്കളുടെ ഉല്പാദനം' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഒരു പ്രാദേശിക വിത്തുനയത്തിന് രൂപം കൊടുക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) തീരുമാനിച്ചിട്ടുണ്ട്.

8 (*68) അന്തർസംസ്ഥാന ബസ് സർവ്വീസുകൾ

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എളമരം കരീം :
ശ്രീ. എം.എ. തോമസ് :

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള അന്തർസംസ്ഥാന സർവ്വീസുകളെപ്പറ്റി വിശദീകരിക്കുമോ;

(ഡി) ഇതിൽ സാമ്പത്തികമായി ലാഭകരമല്ലാത്തവ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly